

# ഇ- ജാലകം ഡിജിറ്റൽ മാഗസിൻ



# മാർഗ ദീപം



# എ. വി. എച്ച്. എസ്. എസ്. കുറിച്ചി



ജാതിഭേദം മതദ്വേഷം

ഏതുമില്ലാതെ സർവ്വരും

സോദരത്വേന വാഴുന്ന

മാതൃകാ സ്ഥാനമാമിത്.

# എഡിറ്റോറിയൽ ബോർഡ്

ചീഫ് എഡിറ്റർ :കാർത്തിക എസ്

സമിതി അംഗങ്ങൾ: ആരതി സന്തോഷ്

ജിയമോൾ സാബു

ജസ്റ്റീന ജോർജ്

മിന്നുക്കുട്ടി എസ്

ആദിത്യ അഭിലാഷ്

അഞ്ജലി ദാസ്

സാനിയ കെ എസ്

ഹരിപ്രിയ ഉദയൻ

അനശ്വര എം ജെ

അർച്ചന രാജേഷ്

അനഘ പ്രകാശ്

കാശിനാഥൻ പി ഡി

അഭിജിത്ത് എ

അമൽ അജയ കുമാർ

കവർ ഡിസൈൻ :ശ്രീലക്ഷ്മി വി ,അമൽ പി.പി



# ജാലകം തുറക്കുമ്പോൾ


വിദ്യാലയ ചരിത്രം

ഗാന്ധി എന്ന ആശയം

ബഷീർ എന്ന ഗണിതജ്ഞൻ

പ്രണയ0

ഓർമ്മ

ശാസ്ത്ര0 @2019

വരയുടെ നിറചാർത്ത്

ഗണിതം മാജിക്കിലൂടെ

ഗണിത ഗാനം

കൊറോണ വൈറസ്

പുഴായനം

നുറുങ്ങുകൾ

പഴഞ്ചൊല്ലുകൾ

കടംകഥകൾ

ACTIVITIES

RIDDLES

Why we should learn English?

Did u know??

मेरी माँ

# ആമുഖക്കുറിപ്പ്

ഇ- ജാലകം എന്ന ഡി.ജിറ്റൽ മാഗസിൻ എന്താണെന്ന് കൂട്ടുകാർക്കറിയാമോ?

അക്ഷരത്താളുകളിൽ നിന്ന് ഡി.ജിറ്റൽ മാഗസിനിലേക്കുള്ള മുന്നേറ്റത്തിന്റെ പേരാണ് ഇ-ജാലകം. ലിറ്റിൽ കൈറ്റസിന്റെ രണ്ടാമത്തെ സംരഭംമാണ് ഇ -ജാലകം എന്ന ഡിജിറ്റൽ മാഗസിൻ.

പ്രിന്റെട് മാഗസീനുകളിൽ നിന്നും കമ്പ്യൂട്ടർ യുഗത്തിലെ ഡിജിറ്റൽ മാഗസിനുകളിലേക്കുള്ള വളർച്ചയാണ് ഞങ്ങളുടെ ഈ മാഗസിൻ.കൊച്ചു കൂട്ടുകാരുടെ ചെറു കവിതകളും കഥകളുമാണ് ഇ - മാഗസിനിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. സാഹിത്യവാസനകളെ ഡിജിറ്റൽരൂപത്തിൽ ആവിഷ്കരിക്കുമ്പോൾ പുതുമയുടെ മിന്നലാട്ടമുണ്ടാക്കുന്നു. ഇ- ജാലകം എന്ന ഡിജിറ്റൽ മാഗസിൻ വായനയുടെ മുമ്പിൽ അറിവിന്റെയും ആധുനികതയുടേയും പുത്തൻ ജാലകങ്ങൾ തുറന്നിടുകയാണ്.........കാലത്തിനൊപ്പം ലോകം സഞ്ചരിക്കുമ്പോൾ ഞങ്ങളും ജാലകത്തിലൂടെ ലോകത്തിന്റെ മാറ്റത്തിൽ പങ്കാളികളാവുകയാണ്. പ്രിന്റെഡ് മാഗസിനുകൾ വായിച്ചു വളർന്ന പുത്തൻ തലമുറയ്ക്ക് ഈ ജാലകം കാഴ്ചയുടെ പുതു വസന്തം ഒരുക്കുകയാണ് .കുട്ടികളുടെ ഈ ഒത്തൊരുമ തന്നെയാണ് ഇ ജാലകത്തിനു കൂടുതൽ മിഴിവേകുന്നത്. വായിച്ചാലും....ആസ്വദിച്ചാലും.......ഈ നവ ഉൽപ്പന്നം സ്വീകരിച്ചാലും......

കൈലാസ് സതിശൻ / സ്കൂൾ ലീഡർ

# ആശംസ

പ്രിയരെ...

ഒരു അധ്യയന വർഷവും കൂടികടന്നു പോവുകയാണ്. ഇതൊരു 'E' യുഗമാണ്.ടെക് നോളജിയുടെ മുന്നേറ്റത്തിൽ കൈയെഴുത്ത് മാസികകൾ 'digital' മാഗസിനുകൾ ക്കായി വഴിമാറുകയാണ്.

ഇന്ത്യ കണ്ട ഏറ്റവും ഉന്നതനായ ശാസ്ത്രജ്ഞനായ എ.പി.ജെ അബ്ദുൾകലാം പറ ഞ്ഞിട്ടുണ്ട് അവസാനം ('END' ) എന്നൊരു വാക്ക് ഇല്ലെന്ന് അതായത് പ്രയത്നം അവസാനിക്കുന്നില്ലെന്ന്. ഇവിടെയിതാ 'little kites' അംഗങ്ങളുടെ കൂട്ടായ്മയുടെ പ്രയത്നഫലമായി ഒരു digital magazine തയ്യാറായിരിക്കുന്നു . ത്രിഭാഷാ ലിപിയിൽ വാക്കുകളും വരകളുമായി 'ഇ' ജാലകമെന്ന നാമധേയത്തിൽ വിദ്യാലയത്തിൻെറ ആത്മാവിനെ തൊട്ടറിയുന്നു.

കുട്ടികളുടെ സർഗാത്മക പ്രതിഭ തെളിയുന്ന 'ഇ' ജാലകത്തിൻെറ അണിയറയിൽ പ്രവർത്തിച്ചവരെ അഭിനന്ദിക്കുന്നതോടൊപ്പം , എ.വി.എച്ച്.എസിൻെറ പൈതൃകം വിളംബരം ചെയ്യുന്ന മാഗസീന് ആത്മാർഥമായ ആശംസകളും നേരുന്നു



സ്നേഹപൂർവം,

S.Sajeev
Head master

# വിദ്യാലയ ചരിത്രം



ആയിരത്തിതൊള്ളായിരത്തി മുപ്പതുകളുടെ മധ്യത്തോടെയാണ് തീർത്ഥർ സ്വാമികൾ കുറിച്ചിയിലെത്തി ആലപ്പുഴക്കാരൻ സേട്ടുവിൽ നിന്ന് സ്ഥലം വാങ്ങി അദ്വൈത വി ദ്യാശ്രമം സ്ഥാപിക്കുന്നത്. ആശ്രമത്തോട് ചേർന്ന് സംസ്കൃത വിദ്യാലയവും ആരംഭിച്ചു. കോട്ടയത്തിനും ചങ്ങനാശേരിക്കും ഇടയിലുള്ള പ്രദേശങ്ങളിൽ നിന്നും കുട്ടനാടൻ ഗ്രാമങ്ങളിൽ നിന്നുമുള്ള വിദ്യാർത്ഥികൾക്ക് പ്രത്യേകിച്ച് പിന്നോക്കവിഭാഗത്തിൽപ്പെട്ടവർക്ക് പഠിക്കുന്നതിനുള്ള സൗകര്യം ലഭിച്ചത് ഈ വിദ്യാലയത്തിൻെറ സംസ്ഥാപനത്തിലൂടെയിരുന്നു . അവരിൽ പലരും പിന്നീട് സമൂഹത്തിൽ വളരെ ഉന്നത നിലകളിൽ എത്തിച്ചേർന്നിട്ടുണ്ട്. സംസ്കൃത വിദ്യാലയമായാണ് ആരംഭിച്ചതെങ്കിലും ഇന്ന് ഈ വിദ്യാലയം കേരളസിലബസോടുകൂടിയ ഇംഗ്ലീഷ്- മലയാളം മീഡിയങ്ങളുള്ള ഹയർ സെക്കന്ററി വരെ ഉയർന്ന വിദ്യാലയമായി മാറിയിരിക്കുകയാണ്, 5-ാം ക്ലാസു മുതൽ പ്ലസ്ടു വരെ പഠിക്കുന്നതിനുള്ള സൗകര്യം ഇവിടെയുണ്ട്. എസ്. എസ്.എൽ. സിക്ക് നൂറു ശതമാനം വിജയം കൈവരിക്കാനും കലാകായിക രംഗങ്ങളിൽ മികവ് പുലർത്താനും

ഈ വിദ്യാലത്തിന് കഴിഞ്ഞിട്ടുണ്ട്. ഹയർ സെക്കന്ററിയിലും മികച്ച വിജയം കൈവരിക്കാൻ ഈ വിദ്യാലയത്തിന് സാധ്യമായി.

താരതമ്യേന സാമ്പത്തിക പിന്നോക്ക അവസ്ഥ നേരിടുന്ന സാഹചര്യങ്ങളിൽ നിന്നും വരുന്നവരാണ് ഇവിടുത്തെ കുട്ടികളിലധികവും . പ്രത്യേകിച്ച് ട്യൂഷന് പോകാൻ നിവർത്തിയില്ലാത്ത സാഹചര്യമാണ് അവർക്ക്. അധ്യാപകരുടെ കഠിന പ്രയത്നവും ആത്മാർത്ഥയുമാണ് ഈ വിജയം കൈവരിക്കാൻ സാധിച്ചത് .

ശിവഗിരിമഠത്തിന്റെ കീഴിൽ എയ്ഡഡ് സ്കൂളായാണ് ഈ വിദ്യാലയം നിലനിൽക്കുന്നത്.

# ഗാന്ധി എന്ന ആശയം

ഇന്ത്യയുടെ  ചരിത്രത്തിൽ ഏറെ സ്വാധീനം ചെലുത്തിയ വ്യക്തിയാണ് ഗാന്ധിജി. ഇന്ത്യ എന്ന മഹാരാജ്യത്തിന് സ്വാതന്ത്ര്യം എന്ന അമൃത് നുകർന്ന് തന്ന മഹാനുഭാവൻ ആണ് അദ്ദേഹം. വ്യത്യസ്തങ്ങളായ ആശയ പോരാട്ടങ്ങളാണ് അദ്ദേഹം എന്ന വ്യക്തിയെ മുന്നോട്ട് നയിച്ചിരുന്നത്. ഹിംസയ്ക്കു പകരം അഹിംസയുടെ മാർഗത്തിലൂടെ സമരമുറകൾ കൊണ്ടുപോയി ജനങ്ങളെ തൻെറ ആശയങ്ങളോട് അടുപ്പിക്കാൻ  ഗാന്ധിജി എന്ന പ്രകാശത്തിന് കഴി ഞ്ഞു. മനുഷ്യരാശിക്ക് മുഴുവൻ അദ്ദേഹം പ്രകാശഗോപുരമാണ്.മറ്റുള്ളവൻെറ ദാരിദ്ര്യം കണ്ട് തൻെറ വസ്ത്രം  വളരെ ലളിതമാക്കിത്തീർത്ത അദ്ദേഹം നമ്മുടെയെല്ലാം പ്രകാശം തന്നെയാണ്.മോഹൻദാസ് കരംചന്ദ് ഗാന്ധി എന്ന വ്യക്തി ഇന്ത്യ എന്ന മഹാരാജ്യത്തിന് നൽകിയത് വെറും അക്ഷരങ്ങളായിരുന്നില്ല , മറിച്ച് നാനാത്വത്തിൽ ഏകത്വം എന്നപാരമ്പര്യത്തെ മുറുകെ പിടിക്കാൻ തക്കരീതിയിലുള്ള ആശയനിലപാടുകളായിരുന്നു.മനുഷ്യരാശിക്ക് മുമ്പിൽ "അർധനഗ്നനായ ഫക്കീർ" എന്ന ഗാന്ധി ഇന്ത്യയുടെ മഹാത്മാഗാന്ധിയായി തീർന്നത് സൂര്യനസ്തമിക്കാത്ത ബ്രിട്ടീഷ് സാമ്രാജ്യത്തെ മുട്ടുകുത്തിച്ചിട്ടല്ല.മറിച്ച് ഓരോ ഇന്ത്യക്കാരൻെറ ഇടനെഞ്ചിൽ കയറികൂടിയിട്ടാണ്. അഹിംസയിൽ ഊന്നിയ സമരപരിപാടികളിലൂടെ ആശയതത്ത്വങ്ങളായ നിലപാടുകളിലൂടെ അദ്ദേഹം ഇന്ത്യ എന്ന രാജ്യത്തെ ഓരോ പുൽക്കൊടിയിലും ഇടം പിടിച്ചു. ഹിമാലയ പർവ്വതസാനുക്കളിൽപോലും ഇടം പിടിക്കുമാറുണ്ട് ഗാന്ധി എന്ന വ്യക്തിയിലെ നന്മകൾ. ആ പർവ്വതനിരപോലും



തോൽപ്പിക്കപ്പെട്ടും അദ്ദേഹത്തിൻെറ നന്മകൾ കൊണ്ട്. ഗാന്ധി എന്ന ആശയം, അദ്ദേഹത്തിൻെറ ആശയ നിലപാടുകൾ എല്ലാം ഇന്നത്തെ സമൂഹം അറിഞ്ഞിരിക്കേണ്ട വിഷയങ്ങളാണ്.വ്യത്യസ്തതരത്തിൽ സർക്കാർ കുട്ടികളിലേക്ക് ഈ ആശയങ്ങൾ എത്തിക്കുന്നുണ്ട്.അതിനാൽ തന്നെ വരുംസമൂഹം ഗാന്ധിയൻ ആശയങ്ങൾ മനസ്സിലാക്കും എന്ന കാര്യത്തിൽ എതിർ തർക്കം ആർക്കുമില്ല.പ്രകാശമാണ് അണയാത്ത വെളിച്ചമാണ് ഗാന്ധി ഗാന്ധി എന്ന വ്യക്തി നയിച്ച ഓരോ സത്യാഗ്രഹവും അദ്ദേഹം നയിച്ച സമരങ്ങളുമൊക്കെ ഇതിനുദാഹരണമാണ്. ഗാന്ധി എന്ന ആശയത്തെ നാം മുറുകെപ്പിടിച്ചാൽ അദ്ദേഹം കണ്ട സ്വപ്നങ്ങൾ ഇവിടെ സാക്ഷാൽക്കരിക്കപ്പെടും. സ്ത്രീകളും കുട്ടികളും വൃദ്ധജനങ്ങളുമൊക്കെ ചേർന്ന സമൂഹം ഉന്നതിയിലെത്തിച്ചേരാൻ ഗാന്ധിയുടെ ചില സ്വപ്നങ്ങൾക്ക് ചിറക് കൊടുത്താൽ മതിയാകും.

Anjaly Das
IXA

# ബഷീർ എന്ന ഗണിതജ്ഞൻ

# 'ഉമ്മിണി വല്യ ഒന്ന്'!



ഗുരുനാഥൻ ഒരിക്കൽ മജീദിനോട് ഈ ചോദ്യം ചോദിച്ചു. ഒന്നും ഒന്നും രണ്ടാണെന്നുള്ളത് ലോക പ്രസിദ്ധമാണല്ലോ.. പക്ഷേ ,അതിന് മജീദ് പറഞ്ഞ അത്ഭുതകരമായ സമാധാനം കേട്ട് ഗുരുനാഥൻ പൊട്ടിച്ചിരിച്ചുപോയി.ക്ലാസ് ആകെ ചിരിച്ചു.മജീദ് പറഞ്ഞ സമാധാനം പിന്നീട് അവൻെറ പരിഹാസപ്പേരുമായിത്തിർന്നു. ആ ഉത്തരം പറയുന്നതിനുമുമ്പേ മജീദ് ആലോചിച്ചു.രണ്ട നദികൾ സമ്മേളിച്ചു കുറച്ചു കൂടി വണ്ണം വെച്ചു ഒരു നദിയായി ഒഴുകുന്നതുപോലെ രണ്ടു ഒന്നുകൾ ഒരുമിച്ച് ചേരുമ്പോൾ കുറച്ചുകൂടി വണ്ണം വെച്ച ഒരു 'ഒന്ന്' ആയിത്തിരുന്നു!അങ്ങനെ കണക്കുട്ടി സാഭിമാനം മജീദ് പ്രസ്താവിച്ചു. 'ഉമ്മിണി വല്യ ഒന്ന്'! അങ്ങനെ ഒരു പുതിയ തത്വം കണ്ടുപിടിച്ചതിന് മജീദിനെ അന്നു ബഞ്ചിൽ കയറ്റി നിർത്തി.

Anaswara
IXA

# പ്രണയം

**തിരകൾ പ്രതികരിക്കുന്നു**
**പ്രതിഷേധിക്കുന്നു**
**പ്രണയിക്കുന്നു**
**കാമുകനായ കരയെ പുണരാൻ**
ഓടിയടുക്കുമ്പോഴും
**ചുറ്റും മുഴങ്ങുന്ന ശബ്ദങ്ങൾ**
**അവളെ പിറകോട്ട് പിടിച്ചു വലിക്കുന്നു**
**അറിയാതെ തോന്നിയ പ്രണയം**
**ഭയത്തിൻറെ നിഴൽപ്പാടുകളാകുന്നു.**
**വെന്തുരുകിയ വികാരങ്ങൾ**
അവൾക്കുചുറ്റും
പൊട്ടിച്ചിരിക്കുന്നു
കത്തിയമരുന്ന രൂപവും
മുടിയിഴകൾക്കിടയിൽ
ചുറ്റിപിണഞ്ഞ കയറ്ത്തുമ്പുകളും
അവളെ പ്രതികാരദാഹിയാക്കുന്നു
കടന്നുകൂടിയ വികാരം
ഇരുട്ടിലൊളിക്കാൻ തയ്യാറാകുന്നില്ല
അകലങ്ങൾ അടുത്താണെന്ന് ഓർത്തുകൊണ്ട്
മനസിനെ വിദൂരതയിൽ ഇറക്കിവെച്ച്
പ്രണയിനിയായിഅടുക്കുന്നു

Adithya Abhilash
IXA

# ഓർമ്മ

അമ്മയുടെ കൈയിൽ തൂങ്ങി കണ്ണിൽ നിന്ന്ഒഴുകിയിറങ്ങിയ കണ്ണുനീരുമായാണ് ഞാൻ ഈ വിദ്യാലയത്തിന്റെ പടികൾ കയറിയത്. പിന്നീടുള്ള ഓരോ ദിവസവും ആ കണ്ണുനീരിൽ നിന്ന് നിറപുഞ്ചിരിയിലേക്കുള്ള മാറ്റത്തിന്റെ വഴികളായിരുന്നു. ഇന്നലെ വരെ ആരുമല്ലാതിരുന്ന ചിലരൊക്കെ എൻേറതു മാത്രമായിതീർന്നു. സൗഹൃദം എത്ര സുന്ദരമാണെന്നറിഞ്ഞ ദിനങ്ങളായിരുന്നു പിന്നീടങ്ങോട്ട് . പാതിവഴിയിൽ പലരും ഓരോ ഇതളുകൾ പോലെ അടർന്നു വീണു. ഇടയ്ക്ക് കാലിടറി വീഴുമ്പോൾ കൈത്താങ്ങായി മാറാനും,വലിയ സങ്കടങ്ങളിലും തമാശകണ്ടെത്തുവാനും സൗഹൃദത്തിനു സാധിച്ചു. അങ്ങനെ മൂന്ന് വർഷങ്ങൾ കടന്നു പോയി ഏട്ടാം ക്ലാസ്സിലെ അദ്ധ്യയന വർഷം തുടങ്ങുന്നതിനു മുൻപാണ് ഇംഗ്ലീഷ് മീഡിയം ക്ലാസ്സ് തുടങ്ങാൻ അദ്ധ്യാപകർ തീരുമാനിച്ചത്. അതിൽ ഏറ്റവും അഭിമാനം കൊള്ളുന്നത് എൻെറ ക്ലാസ് മാത്രമാണ്. കാരണം ആദ്യത്തെ ഇംഗ്ലീഷ് മീഡിയം ക്ലാസ് ഞങ്ങളുടേതാണ്. ഇനി 25 കൊല്ലങ്ങൾ കഴിഞ്ഞാലും ആദ്യ ഇംഗ്ലീഷ് മീഡിയം ക്ലാസ് എന്ന അഭിമാനം സുവർണലിപികയിൽ എ. വി. എച്ച്. എസിൻെറ ചരിത്രത്തിൽ കുറിച്ചിട്ടിരിക്കും . അത് വരെ മലയാളം മീഡിയത്തിൽ പഠിച്ചിരുന്ന ഞങ്ങൾക്ക് പുതിയ ഒരനുഭവം ആയിരുന്നു പുതിയ ക്ലാസ് . എല്ലാവരുടേയും കണക്കു കൂട്ടലുകൾ തിരുത്തിയെഴുതി ഞങ്ങൾ മികച്ച പ്രകടനം കാഴ്ചവച്ചു. .അതിനു ശേഷം പഠനത്തിലായിരുന്നു ഞങ്ങളുടെ ശ്രദ്ധ .അതോടൊപ്പം ഞങ്ങളുടെ സൗഹൃദത്തിൻെറ ആഴവും കൂടി. പിന്നീട് എല്ലാവരുടേയും ലോകം



സൂഹൃത്തുകളായി മാറി.അവരോടുള്ള സ്നേഹം എത്ര എന്നുചോദിച്ചാൽ പൂർണമായ ഒരു ഉത്തരം ഉണ്ടാകില്ല. .കാരണം ശ്വസിക്കുന്ന ശ്വാസത്തിൻെറ അളവ് അളന്നു കാട്ടാൻ കഴിയില്ലല്ലോ. പത്താം ക്ലാസിൽഎത്തിയതോടെയാണ് ഞങ്ങളുടെ സ്നേഹത്തിൻേറയും സൗഹൃദത്തിൻേറയും ആഴം കൂടിയത് പിന്നീട് അവരെ എങ്ങനെ പിരിയും എന്ന സംശയമായിരുന്നു. പത്താം ക്ലാസിലെ വിനോദയാത്രയും ഞങ്ങൾക്ക് പുതിയ ഒരനുഭവം ആയിരുന്നു. കൂട്ടുകാരുമൊത്തുള്ള ആ കുറച്ചുദിനങ്ങൾ ഒരിക്കലും മറക്കുവാനാവാത്ത സന്തോഷത്തിന്റെ നാളുകളായിരുന്നു .ആദ്യം ഈ വിദ്യാലയത്തിൽ വന്നപ്പോൾ പറഞ്ഞത് ഇവർ ആരൊക്കെയാണെന്നാണ് എന്നാൽ ഈ പടിയിറങ്ങുന്ന നിമിഷത്തിൽ പറയുന്നത്. ഇവരെയെങ്ങനെ പിരിയും എന്നാണ്......

Kailas satheesan
XA

# ശാസ്ത്രം @2019

**തമോഗർത്തം വെളിച്ചത്തിൽ**

തമോഗർത്തത്തിന്റെ ചിത്രം ലഭ്യമാക്കി ശാത്രലോകം ചരിത്രം കുറിച്ച വർഷമാണ് 2019.ഭൂമിയിൽ നിന്ന് 550 ലക്ഷം പ്രകാശവർഷമകലെ മെസിയർ 87 എന്ന നക്ഷത്ര സമൂഹത്തിന്റെ കേന്ദ്രത്തിലുള്ള ഈ സൂപ്പർ മാസീവ് തമോഗർത്തത്തിന്റെ ദൃഷ്യം ലഭ്യമാക്കി.

**ചരിത്രം കുറിച്ച് ചന്ദ്രയാൻ-2**

ഇന്ത്യൻ  ബഹിരാകാശ ഗവേഷണ രംഗത്തു ചരിത്രം കുറിച്ചാണ ചാന്ദ്ര രഹസ്യങ്ങൾ തേടി 2019 ജൂലൈ 22 ന് ചന്ദ്രയാൻ 2 കുതിച്ചുയർന്നത് .ചന്ദ്രനെ ചുറ്റി സഞ്ചരിക്കുന്ന ഓർബിറ്റർ, ചന്ദ്രോപരിതലത്തിൽ ഇറങ്ങി സഞ്ചരിക്കുന്ന പ്രഗ്യാൻ എന്ന റോബട്ടിക് റോവർ, ഈ റോവറിനെ ചന്ദ്രനിൽ ഇറക്കാനുള്ള വിക്രം എന്ന ലാൻഡർ എന്നിവയുൾപ്പെട്ടതായിരുന്നു ദൗത്യം.ദൗത്യത്തിന്റെ അവസാനഘട്ടത്തിൽ വിക്രം ലാൻഡറിന്റെ സഞ്ചാരപാതയിൽ വ്യതിയാനമുണ്ടായി.

**ഹാച്ചിമോജി ഡിഎൻഎ**

ജീവനെക്കറിച്ചുള്ള ധാരണകളെത്തന്നെ തിരുത്തിക്കുറിക്കുന്ന നേട്ടമായിരുന്നു എട്ടക്ഷരങ്ങളുള്ള കൃത്രിമ 'ഡിഎൻഎ ' അഥവാ ഹാച്ചിമോജി . സ്വാഭാവിക ഡിഎൻഎയിലെ അഡിനിൻ, തൈമിൻ, സൈറ്റസിൻ, ഗ്വാനിൻ എന്നീ ബേസുകൾക്കു പുറമേ 4 ബേസുകൾ  കൂടി   ഉൾക്കൊള്ളുന്നതാണിത്. ഫ്ലോറിഡയിലെ ഫൗണ്ടേഷൻ ഫോർ അപ്ലൈഡ് മോളിക്യുലാർ ഇവലൃൂഷൻ പകനായ സ്റ്റീവ് ബെന്നറുടെ നേതൃത്വത്തിലാണ് ഈ കണ്ടെത്തൽ.

**അമ്പരപ്പിച്ച് കിമേറ**

മനുഷ്യന്റെയും  കുരങ്ങിന്റെയും കോശങ്ങൾ അടങ്ങുന്ന കിമേറ ഭ്രൂണത്തെ ചൈനയിൽ സൃഷ്ടിച്ചത് ശാസ്ത്രലോകത്തെ അമ്പരപ്പിച്ചു.മൃഗങ്ങളിൽ മനുഷ്യ അവയവങ്ങൾ വളർത്തിയെടുത്ത് അവയവമാറ്റത്തിനു ലഭ്യമാക്കുക എന്നതാണ് പരീക്ഷണ ലക്ഷ്യമെന്ന് ഗവേഷകർ പറയുന്നു.

**പൂർവികൻ**

മനുഷ്യവംശത്തിന്റെ പരിണാമത്തിലേക്ക് വെളിച്ചത്തിലേക്ക് വീശി ആസ്ടലോപിത്തേക്കസ് അനമെൻസിസിന്റെ 38 ലക്ഷം വർഷം പഴക്കമുള്ള തലയോട്ടി കണ്ടെത്തി.

## എബോളയെ പിടിച്ചുകെട്ടാം

എബോളയ്ക്കെതിരെ രോഗികളിൽ പരീക്ഷിച്ച നാലു മരുന്നുകളിൽ ആർഇജിഎഇബി 3 എംഎബി 114 എന്നീ മരുന്നുകൾ ഫലപ്രദമാണെന്ന് ഗവേഷണം നടത്തിയ യുഎസ് നാഷനൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹെൽത്ത് തെളിയിച്ചു.യുഎസ് ഫാർമസ്യൂട്ടിക്കൽ കമ്പനിയായ മെർക്ക് വികസിപ്പിച്ചെടുത്ത എബോള വാക്സസിനും നിയമപരമായി അംഗീകാരം ലഭിച്ചു.

## പ്രപഞ്ചത്തിലെ ആദ്യ തന്മാത്ര

പ്രപഞ്ചത്തിലെ ആദ്യ തന്മാത്ര എന്നു വിശേഷിപ്പിക്കപ്പെടുന്ന ഹീലിയം ഹൈഡ്രൈഡിനെ കണ്ടെത്തിയത് 2019 ലെ വിസ്മയമായി .നാസയുടെ സോഫിയ എന്ന പറക്കും ഒബ്സർവേറ്ററിയാണ് ഭൂമിയിൽ നിന്നും 3000 പ്രകാശ വർഷം അകലെ സിഗ്നസ് നക്ഷത്രക്കൂട്ടത്തിനു സമീപമുള്ള എൻജിസി 7027 എന്ന പ്ലാനറ്ററി നെബുലയിൽ അമ്ലതയേറിയ ഈ തന്മാത്രയെ തിരിച്ചറിഞ്ഞത്.

## സൂപ്പർ പ്രൈം എഡിറ്റിങ്

ജീൻ എഡിറ്റിങ്ങിലെ മാന്ത്രിക ദണ്ഡാണ് ക്രിസ്പർ.എന്നാൽ ക്രിസ്പറിനെയും വെല്ലുന്ന പ്രൈം എഡിറ്റിങ് എന്ന വിസ്മയവുമായി രംഗത്തെത്തിക്കഴിഞ്ഞു മാസച്ചുസിറ്റ്സ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിലെയും ഹാർവഡ് സർവ്വകലാശാലയിലെയും ഗവേഷകർ.

## അവിടെയുണ്ടോ ജീവന്റെ തുടിപ്പ് ?


പ്രപഞ്ചത്തിൽ എവിടെയെങ്കിലും ഭൗമസമാന ഗ്രഹങ്ങളുണ്ടോ എന്ന അന്വേഷണത്തിന് ഊർജം പകർന്ന് കെ 2-8 ബി എന്ന ഗ്രഹത്തിന്റെ ദൃശ്യ ങ്ങൾ നാസയുടെ ഹബിൾ സ്പേസ് ടെലിസ്കോപ്പ് ലഭ്യമാക്കി. ഭൂമിയിൽ നിന്നും 110 പ്രകാശവർഷമകലെ K2-8 എന്ന ചുവന്ന കുള്ളൻ നക്ഷത്രത്തെ ചുറ്റുന്ന ഈ ഗ്രഹത്തിന്റെ അന്തരീക്ഷത്തിൽ ജലബാഷ്പ സാനിധ്യമുണ്ടത്രെ ജലബോഷ്പ സാനിധ്യവും മേഘപടലങ്ങളും പാറകളുമുള്ള ആ ഗ്രഹത്തിന്റെ താപനിലയും നക്ഷത്രത്തിൽ നിന്നുള്ള അകലവും കണക്കെടുത്തപ്പോൾ ഭൗമേതര ജീവൻ തേടുന്ന ഗവേഷണങ്ങളിലെ ശ്രദ്ധാകേന്ദ്രമാവുകയാണ് ഈ ഗ്രഹം

Karthika S
IXA

# വരയുടെ നിറച്ചാർത്ത്



By
Sreelekshmi
IXA



By
Aromal Saji
XA

# ഗണിതം മാജിക്കിലൂടെ

## കൈ വിരലുകളിൽ ഗുണനഫലം




10 വിരലുകളും ചേർത്ത് നിവർത്തിപ്പിടിക്കുക. നിങ്ങൾക്ക് 9 നെ 4 കൊണ്ട് ഗുണിക്കണമെന്നിക്കട്ടെ.നാലാമത്തെ വിരൽ മടക്കി അതിന്റെ ഇടത്തും വലത്തും നിവർന്നു നിൽക്കുന്ന വിരലുകൾ എണ്ണുക. ഇവിടെ ഇടത്ത് 3 ഉം വലത്ത് 6 ഉം ആണ്. ഉത്തരം 36.

2 കൊണ്ട് ഗുണിക്കണമെങ്കിൽ രണ്ടാം വിരൽ മടക്കുക. ഇടത്ത് ഒന്നും വലത്ത് 8 ഉം വിരലുകൾ നിവർന്നുനിൽക്കുന്നതു കാണാം. ഉത്തരം 18. ഇങ്ങനെ കൈ വിരലുകൾ നോക്കി 9 ന്റെ ഗുണനഫലം കാണാമോ?

Jiya mol Sabu
IXB

# ഗണിത ഗാനം

(വഞ്ചിപ്പാട്ട്)






എതിർവശങ്ങൾ തുല്യമാകും
വികർണങ്ങൾ  തുല്ല്യമാകും
മട്ടമാകും കോണുകളും,ചതുരങ്ങളിൽ
ചതുരത്തിൽ എതിർ വശം
രണ്ട് ജോടികളും തുല്യം

സമചതുരത്തിൽ തുല്യം വശങ്ങളെല്ലാം
സമചതുര വിസ്തീർണ്ണം
വശം ഗുണം വശമല്ലോ
നീളം ഗുണം വീതിയാകും ചതുരത്തിനും
ത്രികോണത്തിൻ വിസ്തീർണ്ണമോ
പാദാർദ്ധം ഗുണം ലംബമാം
മട്ടത്രികോണത്തിലിത് കാണാനെളുപ്പം

*Anakha Prakash*
*IXB*

# കൊറോണ വൈറസ്



എന്താണ് കൊറോണ വൈറസ്? വായുവിലൂടെ പകരുന്ന കൊറോണ വൈറസുകൾ സസ്തനികളുടെയും പക്ഷികളുടെയും ശ്വസനാവയവത്തെയും അന്നനാളത്തെയുമാണ് ആദ്യം ബാധിക്കുന്നത് . സൂണോട്ടിക് എന്ന് ശാസ്ത്രജ്ഞർ വിശേഷിപ്പിക്കുന്ന ഈ വൈറസുകൾ മനുഷ്യരിലേക്കും പടരുന്നു . സാധാരണ ജലദോഷപ്പനി മുതൽ സിവിയർ മിഡിൽ ഈസ്റ്റ് റെസ്പിറേറ്ററി സിൻഡ്രോം എന്നിവ വരെയുണ്ടാകാൻ ഇടയാകുന്ന ഒരു വലിയ കൂട്ടം വൈറസുകളാണ് കൊറോണ വൈറസുകൾ 2019 ഡിസംബർ 31 ന് ചൈനയിലെ ഹ്ബൈ പ്രവിശ്യയിലെ വുഹാൻ നഗരത്തിലാണ് രോഗം ആദ്യം കണ്ടെത്തിയത്. 26 പേർ ഇതിനകം മരിച്ചു.എണ്ണൂറിലേറെ പേർ വിവിധ ആശുപത്രികളിൽ ചികിത്സയിലാണ് .ചൈനയിലെ വുഹാൻ നഗരത്തിലാണ് രോഗം ആദ്യം റിപ്പോർട്ട് ചെയ്തത് . മനുഷ്യരിൽനിന്ന് മനുഷ്യരിലേക്ക് പടരുമെന്നതാണ് രോഗത്തെ കൂടുതൽ അപകട കാരി യാകുന്നത് വൈറസ് വ്യാപകമായി പടരുമെന്ന ആശങ്കയിൽ ചൈനയിലെ വുഹാൻ നഗരം അധികൃതർ അടച്ചിട്ടു .

Anusree Ajayakumar
IXA

# പുഴായനം



കളിപ്പാട്ടങ്ങളുടെ മേലെ വീണ
കിടക്കാറുള്ള
പോറലും പൊട്ടലും
കളിച്ചവരുടെ
കയ്യൊപ്പോ,തള്ളവിരലൽപ്പാടോ
ആയിരിക്കാം.
പിഞ്ഞിപ്പോയ തലമുടിയുള്ള
പാവക്കുട്ടിയാവാം നിനക്കു
കിട്ടിയത്
കണ്ണു പറിച്ചെടുത്ത കരടിപ്പാവയാകാമെനിക്ക്
കളിക്കാൻ ആരൊക്കെയോ നടന്നെറിഞ്ഞ
വഴിയും വക്കിലേയ്ക്കെറിഞ്ഞ
പാളവണ്ടിയും മാത്രമേ
കണ്ടെന്നു വരൂ
പക്ഷേ
നടന്നവസാനിക്കുന്നിടത്ത്
ഒരു പുഴയുണ്ടത്രേ
ഞാനും നീയും കലർന്ന
തെളിഞ്ഞ വെള്ളവും
തള്ളിയിടാത്ത ഒഴുക്കുമുള്ള
കരയിടിയാഞ്ഞൊരു പുഴ

അരുവി എൻ.എസ്
***അധ്യാപിക***

# നുറുങ്ങുകൾ




**വാക്ക്**

ഒന്നും കേട്ടില്ലെന്ന് മനസ്സ്
എല്ലാം കേട്ടന്ന്  ചെവി
നാക്കിന് എല്ലില്ലെന്ന് പരിഭവം
പല്ല കടിച്ച് പൊട്ടിത്തെറിക്കുന്നു

**മൊബൈൽ**

മൊബൈൽ കുഞ്ഞുങ്ങളുമായ്
വിഹരിപ്പൂ കന്യാമറിയമാർ
താഴെ വെച്ചാൽ ഉറുമ്പരിച്ചാലോ
തലയിൽ വെച്ചാൽ പേനരിച്ചാലോ

**ചിരി**

കുത്തുന്ന ചിരി പൊതിഞ്ഞ ചിരി
നാട്യചിരി  നഗരചിരി
നൽചിരി പൊൽചിരി തേടി
മറുചിരി മറക്കാത്തചിരി
ഒടുവിൽ ചിരിയോ ചിരി

**നൻമ**


നന്മ തേടി നടക്കുന്നു
തിന്മയെയൊന്നു കാണാൻ
കളി പറയാൻ കളിക്കൂട്ടു കൂടാൻ
തിന്മ കൂട്ടുകൂടണില്ലല്ലോ

**നേര്**

എൻെറ  നേര് നിൻെറ നേര്
നേരെ നോക്കിയാൽ നോവ്
നേര് നേർമയാകാൻ
നേരമായില്ല  നേരുക  നീ.....

വി.പ്രമിള ദേവി
*അധ്യാപിക*

# പഴഞ്ചൊല്ലുകൾ



- അങ്ങാടിപ്പയ്യ് ആലയിൽ നിൽക്കില്ല
- അച്ഛൻ ആനപ്പുറത്ത് കയറിയാൽ മകന് തഴമ്പുണ്ടാകുമോ
- അടിതെറ്റിയാൽ ആനയും വീഴും
- അട്ടയെപ്പിടിച്ച് മെത്തയിൽ കിടത്തിയാൽ ആത് കിടക്കുമോ?
- അണ്ണാൻ കുഞ്ഞിനും തന്നാലായത്
- അണ്ണാൻ മൂത്താലും മരം കേറ്റം മറക്കുമോ
- അണ്ണാനെ മരം കയറ്റം പഠിപ്പിക്കണോ?
- അരിയും തിന്ന ആശാരിച്ചിയേം കടിച്ചിട്ട് പിന്നേം നായക്ക് മുറുമുറുപ്പ്
- അരിയെറിഞ്ഞാൽ ആയിരം കാക്ക
- കട്ടവയുടെ കയ്യിൽ കടൽ കഴകാൻ കൊടുക്കുക.
- കരിമ്പുകൊണ്ടടിച്ച കഴുത കരിമ്പിൻ രുചിയറിയുമോ
- കാക്ക കുളിച്ചാൽ കൊക്കാകുമോ
- കാക്കയ്ക്കും തൻകുഞ്ഞ് പൊൻകുഞ്ഞ്
- കാക്കയുടെ വിശപ്പും മാറും ,പശുവിന്റെ കടിയും മാറും .
- കുടൽ കാഞ്ഞാൽ കുതിരവയ്ക്കോലും തിന്നും
- കുരക്കുന്ന പട്ടി കടിക്കില്ല
- കുറുക്കൻ ചത്താലും കണ്ണ് കോഴിക്കൂട്ടിൽ
- കുരങ്ങൻറെ കയ്യിലെ പൂമാല പോലെ
- കൈ വിട്ട കല്ലും, വായ് വിട്ട വാക്കും
- കൊക്കെത്ര കുളം കണ്ടതാ
- ക്ഷീരമുള്ളോരകിടിൻ ചുവട്ടിലും ചോരതന്നെ കൊതുകിന്നു കൌതുകം
- ഗതികെട്ടാൽ പുലി പുല്ലും തിന്നും
- ഗരുഡൻ ആകാശത്തിൽ പറക്കും, ഈച്ച അങ്കണത്തിൽ പറക്കും
- ചങ്ങാതി നന്നായാൽ കണ്ണാടി വേണ്ട
- പെണ്ണാകുന്നതിൽ ഭേദം മണ്ണാകുന്നതു
- പെണ്ണൊരുമ്പെട്ടാൽ ബ്രഹ്മനും തടുക്കില്ല
- പെൺപട പടയല്ല്ല,മൺചിറ ചിറയല്ല
- പെൺപിറന്ന വീടു പോലെ
- പെറ്റവൾക്കറിയാം പിള്ളവരുത്തം
- മണ്ണും പെണ്ണും നന്നാക്കുന്ന പോലെ
- മുടിയാൻകാലത്ത് മുന്നലപുരത്തുന്നൊരു പെണ്ണു കെട്ടി,അവളും മുടിഞ്ഞു,ഞാനും മുടിഞ്ഞു
- വേലക്കള്ളിക്കു പിള്ളസാക്ഷി

Adwaith Prasad
IXB

# *കടംകഥകൾ*

അനേകം വേലി കെട്ടി, അതിനകത്തൊരു വെള്ളിക്കോൽ-**ഉണ്ണിപ്പിണ്ടി.**

അനിയത്തി ചോന്നിട്ട്, ഏട്ടത്തി പച്ചച്ച്, അമ്മച്ചി മഞ്ഞച്ച്- **തളിരില, പച്ചില, പഴുത്ത ഇല.**

**അപ്പാട്ടുണ്ടൊരു കൊട്ടത്തേങ്ങ, തുക്കിപ്പിടിക്കാൻ ഞെട്ടില്ല-മുട്ട.**



അടയ്ക്കും തുറക്കും മണിമുത്തിൽ പത്തായം- **കണ്ണ്.**

അടി മദ്ദളം, ഇല ചുക്കിരി, കായ കൊക്കിരി- **പുളിമരം.**

അടിക്കു കൊടുത്താൽ മുടിക്കു കാണാം **-തെങ്ങ്.**

അടിക്ക്‌വെട്ട്, നടുക്ക് കെട്ട് തലയ്ക്ക് ചവിട്ട്- **നെല്ല്.**

അടയുടെയുള്ളിലൊരു പെരുമ്പട **-തേനീച്ചക്കൂട്.**

അടുക്കള കോവിലിൽ മൂന്ന് ദൈവങ്ങൾ- **അടുപ്പ്.**

**ഇലയില്ലാ, കൊമ്പില്ലാ, മരത്തിന്റെ ചുവട്ടിൽ നിന്നാൽ ചിലപ്പം പെറുക്കിത്തിന്നാം-ഉരൽ.**

ഇല്ലത്തമ്മ കുളിച്ചു വരുമ്പോൾ കഞ്ഞിക്കിണ്ണം തുള്ളിതുള്ളി-അരി തിളയ്ക്കുക.

ഇല്ലത്തമ്മ കുളിച്ചു വരുമ്പോൾ പത്തായിരം പാമ്പുകൾ പിന്നാലെ-തലമുടി.

ഇല്ലി കരകര, ഇല്ലി കരകര, മേലായിരം രസക്കുടുക്ക-നെല്ലിക്ക.

ഇല്ലിക്കൊമ്പത്തില്ലിക്കൊമ്പത്തീശാൻ മാപ്പിള തീ കായുന്നു-മിന്നാമിനുങ്ങ്.

ഇവിടെ ഞെക്കിയാൽ അവിടെ കത്തും-ഇലക്ട്രിക് ബൾബ്.

**ഒരമ്മ രണ്ടു മുറം വീശി വീശി നടക്കുന്നു-ആന.**

Archana Rajesh
IXB

# ACTIVITIES





# RIDDLES



*What has a face and two hands but no arms or legs?*

*A clock*

*What five-letter word becomes shorter when you add two letters to it?*

*Short*

*What word begins and ends with an E but only has one letter?*

*Envelope*

*What has a neck but no head?*

*Abottle*

*What type of cheese is made backwords?*

*Edam*

*What gets wetter as it dries?*

*A towel*

*Which letter of the alphabet has the most water?*

*C*

*What starts with a P ends with an E and has thousands of letters?*

*The post office*

*What has to be droken befor you can it?*

*An egg*

*which month has 28 days?*

*All of them , of course*

*Three men were in a boat. It capsized, but only two got their hair wet. Why?*

*One was bald*

*if everyone bought a white car, what would we have?*

*A white carnation*

*How many letters are there in the  alphabet?*

*Eleven – T-h-e A-l-p-h-a-b-e-t*

*What is the difference between a jeweler and jailer?*

*A jeweler sells watches. A jailer watches  cells*

*What ship has two mates, but no captain?*

*A relationship*

*Bobby throws a ball as hard as he can. It back to him, even though nothing and nobody touches it. How?*

*He throws it straight up.*

*Mary's father has five daughters- Nana, Nene,Nono. What is the fifth daughter's name?*
*If you answered Nunu, you are wrong. It is Mary*

*Amal Ajayakumar*
*IXB*

# *Why we should learn English?*

English is a global language and it is the stone house of knowledge. It is a window to the world. So we can't continue on studies especially higher studies with out mastering this language.

There are many, many reasons why learning a new language is a good idea. It allows you to communicate with new people. It helps you to see things from a different perspective, or get a deeper understanding of another culture. It helps you to become a better listener. It even has health benefits, as studies have shown that people who speak two or more languages have more active minds later in life! Those are all reasons to learn *any* language – but did you know that there are 6,500 languages still spoken in the world today? With such an enormous number to choose from, why pick English? Here are five big reasons that learning English can improve your life.

**It's the Official Language of 53 Countries**

400 million people around the world speak English as their first language. Not only that, but English is listed as one of the official languages in more than a quarter of the countries in the world. That's a lot of new people you can communicate with just by improving one language!

**It's the Most Widely Spoken Language in the World**

What's more, English is the rest of the world's "second language". While Chinese Mandarin and Spanish are the mother tongues of more people overall, most people in the world choose to learn some English after their native language. In fact, one in five people on the planet speak or understand at least a little bit of English. This makes English one of the most useful languages you can learn. After all, you can't learn all 6,500

languages in the world, but at least you will be able to communicate with people from all different countries using English.

**It Can Help You Get a Better Job**

Companies are becoming more international, and English is listed as an essential skill for more and more jobs. There are some organisations that now conduct *all* their business in English, no matter where in the world they are based.

**It Makes It Easier to Travel**


As I said before, English is the world's second language. This means that learning English makes it much easier to travel anywhere you want. For example, aeroplane announcements, train timetables, emergency information and street signs are often translated into English, particularly in countries that use a different type of alphabet. Plus, even if you don't find other travellers or local people that speak your mother tongue, you are practically guaranteed to find someone who understands some English.

**It's the Language of the Media**. Many of the world's biggest news outlets, including TV, newspapers, magazines and radio, are produced in English. Some of your favourite films, TV shows and pop music are probably English-language. Go to any international film festival in the world and you will see that all films are either in English or have English subtitles. If you want to access as much as possible for yourself, without relying on translations, it's the most powerful language you can learn today!

Saniya

IXA

Did u know??




***THE WEDDING FINGER GOES ON THE LEFT RING FINGER BECAUSE ITS THE ONLY FINGER WITH A VEIN THAT CONNECTS TO THE HEART.***

***Dimple are in fact genetic defects,as muscles grow incorrectly and leave a gap between them.***

***Greenland sharks can live for more than four centuries.***

***YOUR BODY IS THE WEAKEST DURING 3 TO 4 AM.THIS IS THE TIME MOST PEOPLE DIE IN THEIR SLEEP.***

*Fire has no shadows,because it itself is the source of light.*

*CHOCOLATE CONTAINS PHENYLETHYLAMINE(PEA), THE SAME CHEMIAL RELEASED IN YOUR BRAIN WHEN YOU FALL IN LOVE.*

*Friends who do not have a lot of pictures together usually have a lot of memories together.*

*10 days without sleep can result in death.*

*THE MOON, VENUS AND JUPIETER WILL BE ALIGNED TO FORM A SMILEY FACE ON MAY 16, 2020.*

*YOUR THUMB IS THE SAME LENGTH AS YOUR NOSE.*

HARIPRIYA UDAYAN
IXA

## *मेरी माॅ*

माॅ....तुम तुझसे नाशज तो नहीं?
मैं तुमसे रूठती रहती हुँ.....
तुम्हारी दिल दुःखाती रहती हुँ.....
फीर भी तुम प्यार से मुझको
हमेशा माफ करति हो।
पता नहीं क्यों मैं  जा्यसे  करती हुँ।
तुमसे ही प्यार करती हुँ .....
और तुमसे ही नाशज रहती हुँ ।
माँ... तुम मुझे स्यादा प्यार क्यों करती हो?
कैसे माफ कर पाती हो?
शायद यह तो हर माँ की खूबी है
माँ तुम से बेहद प्यार करती हुँ.....
तुम्ही के दवारा मैं देख पाती हुँ...
भगवान  के निस्वार्थ प्रेम को..... ।




सिनि मोल
डीच

ഇ-ജാലകം

# LITTLE KITE'S





ഇ-ജാലകം ഒരനുഭവമാണ്....നവീനം എന്നു പറയുന്നില്ല, എങ്കിലും ഞങ്ങളുടേത്
മഹത്തായ ശ്രമം തന്നെയായിരുന്നു.ഡിജിറ്റൽവത്കരിക്കപ്പെട്ടു
കൊണ്ടിരിക്കുന്ന ലോകത്തിൽ പുത്തൻ വായനാനുഭവം സൃഷ്ടിക്കാൻ ഓരോ
അക്ഷരപ്പെരുക്കങ്ങളിലൂടെയുമുള്ള വാദ്യാഘോഷം
ഇ-ജാലകത്തിന്റെ താളുകൾക്ക് വർണ്ണച്ചാർത്തേകിയ
കുട്ടിപട്ടങ്ങൾക്ക് നന്ദിയുടെ ഒരായിരംനിറമലരുകൾ......